പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1403 | 11.06.2019-ന് മറുപടിക്ക് |

## കിഴുമുറി പാലം അപ്രോച്ച് റോഡിനായുള്ള സ്ഥലമെടുപ്പ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അനൂപ് ജേക്കബ്** | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പിറവം നിയോജകമണ്ഡലത്തിലെ കിഴുമുറി പാലത്തിന്റെ അപ്രോച്ച് റോഡിനായുള്ള സ്ഥലമെടുപ്പ് ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിലെ മണീട്, രാമമംഗലം വില്ലേജുകളിൽപ്പെട്ട 0.6547 ഹെക്ടർ സ്ഥലമാണ് കിഴുമുറിക്കടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഏറ്റെടുക്കുന്നതിനായി അർത്ഥന ലഭിച്ചിട്ടുള്ളത്. പ്രസ്തുത പൊന്നുംവില നടപടിയുടെ പ്രഖ്യാപനം 30-05-2019 ന് അംഗീകരിച്ചിട്ടുള്ളതും അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് (ബി.വി.ആർ) തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. . |
| (ബി) | സ്ഥലമെടുപ്പ് നടപടിക്രമങ്ങൾ നീണ്ടുപോകുന്നതു മൂലം നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടതുവഴി പ്രദേശവാസികൾക്കും നാട്ടുകാർക്കുമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സ്ഥലമെടുപ്പ് നടപടിക്രമങ്ങൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ബി) | സ്ഥലമെടുപ്പ് നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ